(ബി) പൊതുജലാശയങ്ങളിലെ മത്സ്യമേഖല മാത്രം ആശ്രയിച്ച് ജീവിക്കുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പാക്കുന്നതിന് ഏതെങ്കിലും പദ്ധതി നടപ്പിലാക്കുന്നുണ്ടോ ;

(സി) കേരളത്തിന്റെ കടലിലും ഉൾനാടൻ ജലാശയങ്ങളിലും മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ എണ്ണവും, മത്സ്യബന്ധന ഉരുക്കളുടെയും ഉപകരണങ്ങളുടെയും എണ്ണവും ലഭ്യമാക്കുമോ ;

(ഡി) ഇത്തരത്തിൽ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ശോഷിച്ചുവരുന്ന ഉൾനാടൻ ജലാശയങ്ങളുടെ വ്യാപ്തി നിലനിർത്തുന്നതിനും ഉൾനാടൻ മത്സ്യബന്ധന രീതികൾ നിയന്ത്രിക്കുന്നതിനും അമിത മത്സ്യബന്ധനം തടയുന്നതിനും ഒരു ഏകീകൃത ഉൾനാടൻ മത്സ്യബന്ധന നിയന്ത്രണ നിയമം നടപ്പാക്കുന്നതിന് 2004-ലെ മത്സ്യമേഖലാ വികസന പരിപാലന നയത്തിൽ തീരുമാനം എടുത്തിട്ടുണ്ട്. പ്രസ്തുത നിയമം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ബി) ഉണ്ട്.

(സി) 2004-ലെ കണക്കനുസരിച്ച് കേരളത്തിന്റെ കടലിലും ഉൾനാടൻ ജലാശയങ്ങളിലും കൂടി 2,20592 മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിലേർപ്പെട്ടു വരുന്നു. 28,167 ഉരുക്കളും ഉപകരണങ്ങളും ഉണ്ട്.

(ഡി) സ്ഥിതിവിവരക്കണക്കുകൾ കാലാകാലങ്ങളിൽ ശേഖരിക്കുന്നുണ്ട്.

മത്സ്യബന്ധന-വിപണന ഉപകരണങ്ങൾ ലഭ്യമാക്കാൻ നടപടി

105 (337) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2004 ഡിസംബർ 26-ലെ കടൽഭൂകമ്പത്തിൽപ്പെട്ട് എത്ര രൂപ വില യുള്ള എന്തെല്ലാം മത്സ്യബന്ധനോപകരണങ്ങളാണ് നഷ്ടപ്പെട്ടിട്ടുള്ളതെന്നതു സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) അതതു തീരദേശമേഖലകളിലെ മത്സ്യത്തൊഴിലാളികൾക്ക് പ്രസ്തുത മത്സ്യബന്ധനോപകരണങ്ങൾ ലഭ്യമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) നഷ്ടപ്പെട്ടുപോയ മത്സ്യബന്ധനോപകരണങ്ങളെല്ലാം സൗജന്യമായി തന്നെയാണോ തൊഴിലാളികൾക്ക് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് മത്സ്യവിപണനത്തിനുപയോഗിക്കുന്ന ഉപകരണങ്ങളും പാത്രങ്ങളും കുട്ടകളുമൊക്കെ ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇതിന്റെ ആനുകൂല്യം എത്ര മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ :

(എഫ്) ഇത്തരം കാര്യങ്ങൾക്കായി ഫിഷറീസ് വകുപ്പ് ആകെ എന്തുതുക ചെലവഴിക്കുകയുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരളത്തിന്റെ തീരപ്രദേശത്ത് മത്സ്യബന്ധന മേഖലയിൽ 3552 ലക്ഷം രൂപയ്ക്കുള്ള മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ടതായി കണക്കാക്കിയിട്ടുണ്ട്. അതിൽ 2868 ലക്ഷം രൂപയ്ക്കുള്ള മത്സ്യബന്ധനോപാധികൾ, 270 ലക്ഷം രൂപ വിലയുള്ള ഇൻബോർഡ് യാനം, 85 ലക്ഷം രൂപ വിലയുള്ള ഡിങ്കി വള്ളം, 229 ലക്ഷം രൂപ വിലയുള്ള യന്ത്രവൽക്കൃത യാനം, 100 ലക്ഷം രൂപ വിലയുള്ള കുറ്റി വല/ചീന വല എന്നിവ ഉൾപ്പെടും.

(ബി) കൊല്ലം, ആലപ്പുഴ, എറണാകുളം ജില്ലകളിലെ മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപ്പെട്ട മത്സ്യബന്ധനോപകരണങ്ങൾക്ക് പകരം മത്സ്യബന്ധന ഉപകരണങ്ങൾ മത്സ്യഫെഡ് മുഖേന നൽകിവരുന്നു.

(സി) അതെ.

(ഡി) ഇത്തരം നഷ്ടങ്ങൾ റവന്യൂ വകുപ്പാണ് പരിശോധിക്കുന്നതും സഹായങ്ങൾ നൽകുന്നതും.

(ഇ&എഫ്) ഉദിക്കുന്നില്ല.

മത്സ്യ വിപണനം വിപുലമാക്കാൻ പരിപാടി

109 (3318) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ആഭ്യന്തര മത്സ്യവിപണികൾ ആരോഗ്യകരമായ ചുറ്റുപാടുകളുള്ള ആധുനിക വിപണികളായി നവീകരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ :

(ബി) എങ്കിൽ ഇതേ തുടർന്ന് സ്വീകരിച്ച നടപടികളെയും പരിഗണനയിലുള്ള പദ്ധതികളെയും കുറിച്ച് വിശദമാക്കുമോ :

(സി) പ്രാദേശിക തലത്തിൽ മത്സ്യവിപണനം വിപുലമാക്കാനും, ഉപഭോക്താക്കൾക്ക് മത്സ്യങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിനും പുതുതായി സ്വീകരിക്കാനുദ്ദേശിക്കുന്ന പരിപാടികൾ വിശദമാക്കുമോ ?

ഉത്തരം

(എ&ബി) പുതിയ മത്സ്യമേഖലാ വികസന പരിപാലന നയത്തിൽ ഇതു സംബന്ധിച്ച പ്രഖ്യാപനം ഉണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) മത്സ്യഫെഡിന്റെ അഫിലിയേഷനുള്ള മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ പ്രാദേശികമായി ന്യായ വിലയ്ക്ക് മത്സ്യം ലഭ്യമാക്കുന്നതിനുള്ള സ്റ്റാളുകൾ പ്രവർത്തിച്ചു വരുന്നു. ഇത് വിപുലമാക്കാൻ ആലോചനയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly